# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:5777

02.07.2019-ലെ മറുപടി

## തൃപ്പൂണിത്തുറയിലെ ജലവിഭവ പ്രവൃത്തികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേനയുള്ള എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന 2016 -17 സംസ്ഥാന പദ്ധതിയിൽ പെടുത്തി ചൂണ്ടി മുതൽ മീനമ്പാറ വരെ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവർത്തികൾ ക്കായി 1.92 കോടി രൂപയും 2017-18 ൽ മരട് മുനിസിപ്പാലിറ്റിയിൽ പൈപ്പ് ലൈനുകൾ നീട്ടി സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തി കൾക്കായി 23.16 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എം.എൽ.എ/ എ.ഡി.എസ് -ൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട് .<br>1. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ വനിതാ പോലീസ് സെൽ റോഡിൽ ശുദ്ധജലവിതരണം.- 0.60 ലക്ഷം രൂപ.<br>2. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ കിഴക്കേകോട്ട മുതൽ സ്റ്റാച്യു വരെ160 മി .മീ പി.വി. സി. പൈപ്പ് 360 മീറ്റർ നീളത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തി -18.50 ലക്ഷം രൂപ.<br>3. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽപ്പെട്ട കിടങ്ങ് ഷാപ്പ് -പനക്കൽ അമ്പലം - കെ.ഇ.മണിയൻ മോനിപ്പിള്ളി റോഡിൽ 160 മി .മീ / 110 മി .മീ പി .വി സി പൈപ്പ് 1125 മീറ്റർ നീളത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തി - 38 ലക്ഷം രൂപ.<br>4. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ വാർഡ് 21 ൽ പുയിത്തറ കോളനിയിൽ പൈപ്പ് ലൈൻ -സ്ഥാപിക്കുന്ന പ്രവൃത്തി - 12 ലക്ഷം രൂപ.<br>5. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ വാർഡ് 31 ൽ മോനിപ്പള്ളി -കല്ലുവച്ചക്കാട് റോഡിൽ 80 എംഎം എ .സി പൈപ്പ് മാറ്റി 110 മി .മീ പി.വി.സി പൈപ്പ് ലൈൻ -സ്ഥാപിക്കുന്ന പ്രവൃത്തി - 4.8 ലക്ഷം രൂപ. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (ബി) | ചൂണ്ടി മുതൽ മീനമ്പാറ വരെ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തീകരിച്ചു.<br>മരട് മുനിസിപ്പാലിറ്റിയിൽ പൈപ്പ് ലൈനുകൾ നീട്ടി സ്ഥാപിക്കുന്നതിനുവേണ്ടി യുള്ള പ്രവർത്തികളുടെ സ്ഥിതി വിവരം ചുവടെ ചേർക്കുന്നു.<br>ഈ പദ്ധതി 6 ഘടകങ്ങളാക്കി വിഭജിച്ചു പ്രാവർത്തികമാക്കി വരുന്നു. ഇതിൽ ഒന്നാമത്തെ ഘടകം (മരട് ഗ്രിഗോറിയൻ സ്കൂൾ റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി)- പൂർത്തീകരിച്ചു<br>രണ്ടാമത്തെ ഘടകം (കൊച്ചി-മധുര റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന ജോലി)- ടെൻഡർ നടപടി പൂർത്തീകരിച്ചു വരുന്നു.<br>മൂന്നാമത്തെ ഘടകം (മരട് മുനിസിപ്പൽ റോഡിൽ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലി- സോൺ-1) പൈപ്പ് സ്ഥാപിക്കുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br>നാലാമത്തെ ഘടകം വിഭജിച്ച് കുണ്ടന്നൂർ മുതൽ ക്രൗൺപ്ലാസ ഹോട്ടൽ വരെ പൈപ്പ് സ്ഥാപിക്കുന്ന ജോലി കുണ്ടന്നൂർ മേൽപ്പാല നിർമാണ കമ്പനി വഴി പി.ഡബ്ല്യൂ.ഡി 2020 മാർച്ച് മാസത്തോടെ പൂർത്തീകരിക്കും. അതിന്റെ ബാക്കി ജോലികൾ മറ്റൊരു ഘടകമാക്കി അതിന്റെ അടങ്കൽ തയാറാക്കിക്കൊണ്ടിരിക്കുന്നു. ഇതിലെ അഞ്ചാമത്തേയും (മരട് മുനിസിപ്പൽ റോഡ് സോൺ -2) ആറാമത്തെയും ഘടകം (200 എം .എം, ഡി ഐ പൈപ്പ് ,160 എം.എം, പി.വി.സി.പൈപ്പ് NH 66A റോഡിൽ -നെട്ടൂർ മേഖല സോൺ 3 സ്ഥാപിക്കുന്ന പ്രവർത്തി)- അടങ്കൽ തയാറാക്കിവരുന്നു. ഇത് പൂർത്തീകരിക്കാൻ നാഷണൽ ഹൈവെ യുടെ അനുമതി ആവശ്യമാണ്. ആയതു ലഭിക്കുന്നതനുസരിച്ചു മാത്രമേ ഈ ഘടകം പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.<br>എം..എൽ.എ /എ.ഡി.എസ് -ൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായ എല്ലാ പ്രവർത്തികളും പൂർത്തീകരിച്ചു. |

**സെക്ഷൻ ഓഫീസർ**